# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4130** **28-06-2024 - ൽ മറുപടിയ്ക്ക്**

### ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരിശോധനകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2023-24 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് എത്ര പരിശോധനകളാണ് ഭക്ഷ്യസുരക്ഷ വകുപ്പ് നടത്തിയത്; | (എ) | ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി **2023-2024** സാമ്പത്തിക വർഷത്തിൽ **65432** ഭക്ഷ്യ പരിശോധനകൾ സംസ്ഥാന വ്യാപകമായി നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരിശോധനകളുമായി ബന്ധപ്പെട്ട് എത്ര തുക പിഴയിനത്തിൽ ഈടാക്കിയെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവെന്നും എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടിയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 7343 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 9642 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 40545150/- **രൂപ (നാല് കോടി അഞ്ച് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി ഒരുനൂറ്റി അൻപത് രൂപ മാത്രം**) പിഴ ഈടാക്കുകയും, **953** ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ എന്നിവയ്ക്ക് ക്ലോഷർ നോട്ടീസ് നൽകി പ്രവർത്തനം നിർത്തി വയ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ **10466** സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ **1584** സാമ്പിളുകൾ നിശ്ചിത ഗുണനിലവാരമില്ലാത്തതോ **Misbranded** ആയോ അല്ലെങ്കിൽ **Unsafe** ആയോ പരിശോധനാ ഫലം ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. പരിശോധനാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ **2023-24** സാമ്പത്തിക വർഷത്തിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് **746** പ്രോസിക്യൂഷൻ കേസുകളും **982** അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ